**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2207** **16-03-2022 - ൽ മറുപടിയ്ക്ക്**

**മിഠായി ക്ലിനിക്കുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സണ്ണി ജോസഫ് | | null<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് എല്ലാ ജില്ലകളിലും ടൈപ്പ് വൺ പ്രമേഹ ബാധിതർക്കായുള്ള മിഠായി ക്ലിനിക്കുകൾ പ്രവർത്തിക്കുന്നുണ്ടോ; എങ്കിൽ ഓരോ ജില്ലയിലും എവിടെയാണ് പ്രവർത്തിക്കുന്നതെന്ന് വ്യക്തമാക്കാമോ; മിഠായി ക്ലിനിക്കുകൾ സംസ്ഥാനത്ത് എല്ലാ ജില്ലകളിലും പ്രവർത്തനം തുടങ്ങാൻ അടിയന്തര നടപടി സ്വീകരിക്കുമോ ; | (എ) | തിരുവനന്തപുരം, ആലപ്പുഴ, കോട്ടയം, തൃശ്ശൂർ, കോഴിക്കോട് എന്നീ 5 ജില്ലകളിലെ ഗവ.മെഡിക്കൽ കോളേജുകളിൽ പ്രവർത്തിക്കുന്ന മിഠായി ക്ലിനിക്കുകൾ മുഖേനയാണ് മിഠായി പദ്ധതിയിലെ അംഗങ്ങളായ കുട്ടികൾക്ക് മരുന്നും മറ്റ് ചികിത്സാ ഉപകരണങ്ങളും നൽകി വരുന്നത്. നിലവിൽ മിഠായി പദ്ധതിയുടെ സേവനം ലഭ്യമല്ലാത്ത 9 ജില്ലകളിൽ മിഠായി സാറ്റലൈറ്റ് സെൻററുകൾ ആരംഭിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. ചുവടെ പറയുന്ന ആശുപത്രികളിലാണ് മിഠായി സാറ്റലൈറ്റ് സെൻററുകൾ ആരംഭിക്കുന്നതിന് തീരുമാനിച്ചിട്ടുള്ളത്. 1. ഗവ.വിക്ടോറിയ ആശുപത്രി, കൊല്ലം 2. ഗവ.താലൂക്ക് ആശുപത്രി, അടിമാലി, ഇടുക്കി 3. ഗവ. ജില്ലാ ആശുപത്രി, കോഴഞ്ചേരി, പത്തനംതിട്ട 4.ഗവ.ജില്ലാ ആശുപത്രി, പെരിന്തൽമണ്ണ 5. വുമൺ & ചൈൽഡ് ഗവ. ആശുപത്രി, പാലക്കാട് 6. ഗവ. ജനറൽ ആശുപത്രി, കൽപ്പറ്റ, വയനാട് 7. ഗവ. ജില്ലാ ആശുപത്രി, കാഞ്ഞങ്ങാട്, കാസർഗോഡ് 8. ഗവ. മെഡിക്കൽ കോളേജ് ആശുപത്രി, എറണാകുളം 9. ഗവ. മെഡിക്കൽ കോളേജ് ആശുപത്രി, പരിയാരം, കണ്ണൂർ. |
| (ബി) | മിഠായി പദ്ധതിയിൽ അംഗമാകാനുള്ള അപേക്ഷകളിന്മേൽ തീരുമാനം എടുക്കാൻ വലിയ കാലതാമസം ഉണ്ടാകുന്നത് രോഗികൾക്ക് ഒരുപാട് ബുദ്ധിമുട്ട് ഉണ്ടാകുന്ന സാഹചര്യത്തിൽ ആയത് പരിഹരിക്കുന്നതിന് എല്ലാ രേഖകളോടെയും നൽകുന്ന അപേക്ഷകൾ രജിസ്ട്രേഷൻ ചെയ്താൽ ഉടൻ അംഗീകാരം നൽകുന്ന രീതി നടപ്പക്കുമോ ; | (ബി) | മിഠായി പദ്ധതിയിൽ ഓൺലൈൻ വഴിയാണ് രജിസ്ട്രേഷൻ നടത്തിവരുന്നത്. ഇത്തരത്തിൽ രജിസ്ട്രേഷൻ നടത്തുന്ന വേളയിൽ തന്നെ ഇത് സംബന്ധിച്ച വിവരങ്ങൾ അപേക്ഷയിൽ നൽകിയിരിക്കുന്ന മൊബൈൽ നമ്പറിൽ എസ്.എം.എസ് ആയി നൽകാറുണ്ട്. അപേക്ഷയിൽ ആവശ്യം വേണ്ട രേഖകൾ ഇല്ലെങ്കിൽ കേരള സാമൂഹ്യ സുരക്ഷാ മിഷൻ കാൾ സെൻററിൽ നിന്നും ടി വിവരം അപേക്ഷകനെ അറിയിച്ച് വേണ്ട തിരുത്തൽ വരുത്തി അപേക്ഷകൾ പരിഗണിക്കുന്നത് വഴി ഇക്കാര്യത്തിൽ കാലതാമസം |

| | | | |
|---|---|---|---|
| | | | ഉണ്ടാകാറില്ല. മിഠായി പദ്ധതിയിൽ ലഭിക്കുന്ന അപേക്ഷകൾ മിഠായി സ്റ്റേറ്റ് ടെക്നിക്കൽ കമ്മിറ്റിയിൽ പരിഗണിച്ചാണ് തീരുമാനം കൈക്കൊള്ളുന്നത്. |
| (സി) | മിഠായി പദ്ധതിയിൽ സി ജി എം എസ് മാസത്തിൽ രണ്ട് തവണ നല്കാൻ നടപടി സ്വീകരിക്കുമോ; പദ്ധതിയിൽ പ്രമേഹ അനുബന്ധ ലാബ് പരിശോധനകൾ സൗജന്യമാക്കുമോ; വ്യക്തമാക്കുമോ? | (സി) | രക്തത്തിലെ ഗ്ലൂക്കോസിന്റെ അളവ് മനസ്സിലാക്കുന്നതിനുവേണ്ടി ഗ്ലൂക്കോ മീറ്റർ, സി.ജി.എം എന്നീ രണ്ട് ഉപകരണങ്ങൾ മിഠായി പദ്ധതിയുടെ ഭാഗമായി കുട്ടികൾക്ക് നൽകുന്നുണ്ട്. ഏകദേശം 1830/- രൂപ വില വരുന്ന സി.ജി.എം സെൻസർ മൂന്ന് മാസത്തിലൊരിയ്ക്കൽ മിഠായി പദ്ധതിയിലെ കുട്ടികൾക്ക് നൽകുന്നുണ്ട്. ടൈപ്പ് വൺ പ്രമേഹ ബാധിതർക്ക് ചെയ്യേണ്ട ലാബ് പരിശോധനകൾ ഏതെല്ലാമാണെന്ന് മിഠായി സ്റ്റേറ്റ് ടെക്നിക്കൽ കമ്മിറ്റിയിൽ ചർച്ച ചെയ്ത് പദ്ധതിയിൽ ഉൾപ്പെടുത്തുന്ന കാര്യം പരിശോധിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ